ശ്രീ. എ. ജെ. ജോൺ: നടത്തിക്കൊണ്ടിരിക്കുകയാണ്.

*944. [33] Not put.

പള്ളുരുത്തിയിലെ ടി. ബി. ക്ലിനിക്ക്

*൯൪൫. (൯൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി പള്ളുരുത്തിയിലുള്ള ടി. ബി. ക്ലിനിക്കിന്റെ പ്രവർത്തനത്തിന് ഇനി എത്ര കാലതാമസം വരും; അതിനുള്ള കാരണമെന്താണ്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): പള്ളുരുത്തിയിലെ ടി. ബി. ക്ലിനിക്ക് ൧൦—൧൦—൧൯൫൦ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: കൊച്ചിയിൽ വേറെ ടി. ബി. ക്ലിനിക്ക് ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: തൃശ്ശൂരിൽ ഒന്നുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: എറണാകുളത്ത് ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. എം. ഐ. പോൾ: പള്ളുരുത്തിയിലുള്ള ക്ലിനിക്കിൽ എത്ര ഡാക്ടർമാരുണ്ട്?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേരുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ ഇനിയും ആവശ്യമുള്ള മരുന്നുകൾ എത്തിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെ മരുന്നുകൾ കൊടുത്തിട്ടുണ്ട്. പോരാതെ വരുന്ന മരുന്നുകൾ അവിടെ അടുത്തുള്ള ആശുപത്രിയിൽനിന്നും കൊടുക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

അയിത്താചാരം

*൯൪൬. (൯൫) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ പൊതുനിരത്തുകൾ സംരക്ഷണനിയമനിർമ്മാണത്തിനു ശേഷവും, പല സ്ഥലങ്ങളിലും ചായക്കടകളിലും കാപ്പിക്കടകളിലും അയിത്താചാരം നടത്തിവരുന്നതായും തൻനിമിത്തം കലാപങ്ങൾക്കും അക്രമങ്ങൾക്കും സംഗതിയായി വരുന്നതായും പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൽ എന്തുനടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) അതേപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ കുറ്റംചെയ്തിട്ടുള്ളവരുടെ പേരിൽ കേസ്സുകൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ നിയമനിർമ്മാണം നടത്തിയതിനുശേഷം ആ നിയമത്തെ അതിലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ആശാസ്യമല്ലെന്ന ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആശാസ്യമല്ലാഞ്ഞിട്ടാണ് അങ്ങനെയുള്ളവരുടെ പേരിൽ നടപടി നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാന്നാർ ഗോപാലൻ നായർ: അടുത്ത കാലത്തു് ആരുടെയെങ്കിലും പേരിൽ കേസ്സെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരാളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: കാപ്പിക്കടകളിലുംമറ്റും ഇപ്പോഴും അയിത്താചാരം പുലത്തിക്കൊണ്ടുപോകുന്നതായി ഗവൺമെണ്ടിനു പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയുള്ള പരാതികൾ നെയ്യാറ്റിൻകരനിന്നും, നെടുമങ്ങാട്ടുനിന്നും അടുത്തകാലത്തു കിട്ടിയിട്ടുണ്ടു്.

അപഹരണം

*൯൫ ൭. (൯൩) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെടുമങ്ങാട് താലൂക്കിൽ പാലോട് പകുതിയിൽ ആനാട് മുറിയിൽ, പിന്നോക്ക വർഗ്ഗക്കാർക്കു് അനുവദിച്ചിട്ടുള്ള പൊൻകുഴികരിക്കം, പത്തു് ഏക്കർ സ്ഥലം ഇതരവർഗ്ഗസ്ഥൻ ഒരാൾ അപഹരിച്ചു താമസിച്ചു വരുന്നതായി പരാതി ഗവർമെണ്ടിനു കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുത്തു?

ധനകാര്യവും റവന്യുവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കുടുംബപെൻഷൻ

*൯൫ ൮. (൯. ൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

ഈ ഐക്യസംസ്ഥാനത്തു് എത്ര കുടുംബങ്ങൾക്കു കുടുംബപെൻഷൻ കൊടുക്കുന്നുണ്ടു്; ആ ഇനത്തിൽ ഒരു കൊല്ലം ഗവൺമെണ്ടിനു് എത്ര ചിലവു വരും?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ഉത്തരം തയ്യാറായിട്ടില്ല.

വീടുകൾ

*൯൫൯. (൯. ൮) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഭവനമില്ലാത്തവർക്കായി ഇതിനകം എത്ര വീടുകൾ തീർത്തു; ഇനി എത്ര തീർക്കുവാനുണ്ടു്; പെരുമ്പാവൂരിൽ വല്ല വീടുകളും ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും റവന്യുവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ).

ഇതുവരെ ൧൩൩ വീടുകൾ കെട്ടിയിട്ടുണ്ടു്. അനുവദിച്ചിട്ടുള്ളതിൽ ഇനി ൪൫ വീടുകൾ കൂടി തീർക്കാനുണ്ടു് പെരുമ്പാവൂരിൽ തല്ക്കാലം വീടുകൾ കെട്ടാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. വി. ജോസഫ്: പെരുമ്പാവൂരിൽ ഇപ്പോൾ വീടുകൾ കെട്ടാൻ ഉദ്ദേശിക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly